നം. സിഇ/343/2010/എം.എസ്.സി.എൻ./റ്റി.എ.4

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

**പത്രക്കുറിപ്പ്**

## 2010-11 ലെ ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി. നഴ്സിംഗ്) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷാ തീയതി മാറ്റിയതു സംബന്ധിച്ച്

2010 ഒക്ടോബർ 3 ഞായറാഴ്ച തിരുവനന്തപുരത്ത് വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി. നഴ്സിംഗ്) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ **സെപ്റ്റംബർ 19 ന് (19.09.2010) ഞായറാഴ്ച** തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്. സമയപരിമിതിമൂലം അപേക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് തപാൽ മുഖേന അയയ്ക്കുന്നതല്ല. അപേക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് **17.09.2010 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ "**cee-kerala.org**" ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷയിൽ നൽകിയിട്ടുള്ള പേരും ജനനതീയതിയും വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ യഥാസ്ഥാനങ്ങളിൽ നൽകി, അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുത്ത് പരീക്ഷാഹാളിൽ ഹാജരാക്കേണ്ടതാണ്. പ്രിന്റൗട്ട് എടുക്കുന്നതിന് മുൻപ് അഡ്മിറ്റ് കാർഡിലെ ഫോട്ടോഗ്രാഫും മേൽവിലാസവും അപേക്ഷാർത്ഥിയുടേത് തന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

തിരുവനന്തപുരം
31.08.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**